## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5452** **05-07-2024 - ൽ മറുപടിയ്ക്ക്**

## അരൂർ മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ അരൂർ - അരൂകുറ്റി എം.എൽ.എ. റോഡ് വഴി ചേർത്തലയിലേക്ക് എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ടെന്ന് വിശദമാക്കാമോ; | (എ) | നിലവിൽ കെ.എസ്.ആർ.ടി.സി. ബസുകൾ സർവ്വീസ് നടത്തുന്നില്ല. |
| (ബി) | പ്രസ്തുത റൂട്ടിൽ 2016 മുതൽ നാളിതുവരെ നടത്തിയിരുന്ന സർവ്വീസുകളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | പ്രസ്തുത റൂട്ടിൽ 2016 മുതൽ താഴെപ്പറയുന്ന സർവ്വീസുകൾ നടത്തിയിരുന്നു.<br><br>1. 04.50 ചേർത്തല - എം.എൽ.എ. റോഡ് വഴി തോപ്പുംപടി (ഒരു ട്രിപ്പ്)<br>2. 07.25 ചേർത്തല - എം.എൽ.എ. റോഡ് വഴി ഹൈക്കോർട്ട് (ഒരു ട്രിപ്പ്)<br>3. 06.00 ചേർത്തല - എം.എൽ.എ. റോഡ് വഴി തോപ്പുംപടി (നാല് ട്രിപ്പ്)<br><br>2017-ൽ പ്രസ്തുത റൂട്ടിലെ പ്രസ്തുത 6 ട്രിപ്പുകളും നടത്തിയിരുന്നു. 2018 മാർച്ച് മാസം വരെ പ്രസ്തുത 6 ട്രിപ്പുകൾ നടത്തിയിരുന്നു.<br><br>2018 ഏപ്രിൽ മാസത്തിൽ 04.50 തോപ്പുംപടി, 06.00 തോപ്പുംപടി എന്നീ ട്രിപ്പുകളും, നവംബർ മാസത്തിൽ 07.25 ഹൈക്കോടതി ട്രിപ്പും നിർത്തി.<br><br>മറ്റ് സ്വകാര്യ സ്റ്റേജ് ക്യാരേജുകൾ സർവീസ് നടത്തുന്ന ടി റൂട്ടിൽ കെ.എസ്.ആർ.ടി.സി. നടത്തുന്ന ടി ട്രിപ്പുകൾക്ക് വരുമാനം ലഭ്യമാകാതിരുന്നതിനാൽ ടി സർവീസുകൾ 2018-ൽ നിന്ന് പോവുകയാണുണ്ടായത്. |
| (സി) | അരൂർ - ഉറവൂർ - ചേർത്തല റൂട്ടിൽ എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്നതിനാൽ പ്രധാന സർവ്വീസുകൾ അരൂകുറ്റി - എം.എൽ.എ. റോഡ് വഴി മാറ്റി വിടുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | എലിവേറ്റഡ് ഹൈവേ നിർമ്മാണം നടക്കുന്ന നാഷണൽ ഹൈവേയിലൂടെയുള്ള പ്രധാന സർവീസുകൾ ധാരാളം യാത്രക്കാരുള്ള ഹൈവേയിൽ നിന്നും മാറ്റി അരൂകുറ്റി - എം.എൽ.എ. റോഡ് വഴി തിരിച്ച് വിടുന്നത് ഹൈവേയിലെ യാത്രാക്ലേശം രൂക്ഷമാകുമെന്നതിനാൽ ടി റോഡിലൂടെ സർവ്വീസ് നടത്തുന്നകാര്യം നിലവിൽ |

| | | | |
|---|---|---|---|
| | | | പരിഗണനയിൽ ഇല്ല. എന്നാൽ സാധ്യതാ പഠനം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ